(ഇ) വെളിപ്പെടുത്താം. മത്സ്യത്തൊഴിലാളികൾക്ക് ഒമച്ചപ്പെട്ട ഭവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 30 കോടി രൂപ സംസ്ഥാനത്തിന് അനുവദിക്കുന്നതിന് പത്താം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

7 (1641) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സഹായധനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ജോലിക്കിടയിൽ അപകടമരണത്തിൽപ്പെട്ടതിന്റെ പേരിൽ സഹായധനം നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 321 കുടുംബങ്ങൾക്ക്

(ബി)

തിരുവനന്തപുരം	91
കൊല്ലം	32
കോട്ടയം	7
ആലപ്പുഴ	71
എറണാകുളം	48
തൃശ്ശൂർ	8
മലപ്പുറം	8
കോഴിക്കോട്	25
കണ്ണൂർ	9
കാസർഗോഡ്	22

	321

8 (1642) ഫിഷറീസ് റോഡ് കരിങ്കല്ല് കെട്ടി സംരക്ഷിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ഏഴാം ഗ്രാമ പഞ്ചായത്തിൽപ്പെട്ട ഫിഷറീസ് റോഡ് കരിങ്കല്ല് കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly